ഇതിനായി പഞ്ചായത്തുകളുടെ പദ്ധതികൾക്ക് ജില്ലാ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതി വഴി. ഭാഗിക സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളിൽ ഗാർഹിക മാലിന്യ സംസ്കരണ സംവിധാനങ്ങളും ഉൾപ്പെടുന്നുണ്ട്.

സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, പ്രവൃത്തി പരിപാലനം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് ജില്ലാതലത്തിൽ പരിശീലനം നൽകുന്നതിന് ശുചിത്വ മിഷൻ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ അംഗീകൃത സേവനദാതാക്കളുടെ സേവനവും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിൽ സൊസൈറ്റികളും സന്നദ്ധ സംഘടനകളും ഉൾപ്പെടുന്നുണ്ട്.

തലശ്ശേരി പെട്ടിപ്പാലം മാലിന്യപ്രശ്നം

168(376) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ തലശ്ശേരി പെട്ടിപ്പാലം പ്രദേശത്തെ മാലിന്യം കാരണം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തലശ്ശേരി പെട്ടിപ്പാലത്ത് മാലിന്യ നിക്ഷേപം നടത്തുന്നതിനെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) തലശ്ശേരി പെട്ടിപ്പാലത്തെ മാലിന്യ നിക്ഷേപം കാരണം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ തലശ്ശേരി നഗരസഭയോ സർക്കാരിന്റെ ഏതെങ്കിലും ഏജൻസിയോ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ റിപ്പോർട്ട് വെളിപ്പെടുത്തുമോ ;

(ഡി) തലശ്ശേരി പെട്ടിപ്പാലത്തെ മാലിന്യ നിക്ഷേപം നീക്കം ചെയ്യാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വെളിപ്പെടുത്തുമോ ;

(ഇ) തലശ്ശേരി പെട്ടിപ്പാലത്തെ മാലിന്യം നീക്കം ചെയ്ത് പരിസര വാസികൾക്കും, പൊതുജനങ്ങൾക്കും ഉള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ; നടപടി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) തലശ്ശേരി പെട്ടിപ്പാലത്ത് മാലിന്യ നിക്ഷേപം നടത്തുന്നത് കർശനമായി നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തലശ്ശേരി നഗരസഭയിലെ ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് നഗരസഭ തയ്യാറാക്കിയിട്ടുള്ള 147.30 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക്, സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതും, ഭാഗിക സാമ്പത്തിക സഹായമായി 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

നഗരസഭയ്ക്ക് കേന്ദ്രീകൃത ഖരമാലിന്യ സംസ്ക്കാരണ സംവിധാനം ഒരുക്കുന്നതിനാണ് നഗരസഭ പ്രാധാന്യം നൽകി വരുന്നത്. ഇതിന്റെ ഭാഗമായി വികേന്ദ്രീകൃതമായി ബയോഗ്യാസ് പ്ലാന്റ്. കമ്പോസ്റ്റിംഗ് എന്നിവ നടപ്പിലാക്കുന്നതിന് ശുചിത്വ മിഷൻ അംഗീകാരം നൽകിയിട്ടുള്ളതാണ്. തലശ്ശേരി നഗരസഭ അവിടെയുള്ള പച്ചക്കറി മാർക്കറ്റിൽ ഒരു ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പ്രതിദിനം 1 ടൺ മാലിന്യം സംസ്കരിക്കാനുള്ള മറ്റൊരു ബയോഗ്യാസ് പ്ലാന്റ്, കണ്ടിക്കൽ എസ്റ്റിമേറ്റിൽ സ്ഥാപിക്കാനായി സാങ്കേതിക അംഗീകാരം നൽകണമെന്ന് നഗരസഭ ആവശ്യപ്പെട്ടിട്ടുള്ളത് ശുചിത്വ മിഷൻ പരശോധിച്ച് അംഗീകാരം നൽകാൻ നടപടി എടുത്തു വരുന്നു.

പെട്ടിപ്പാലത്ത് നിലവിൽ നിക്ഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ കൃാപ്പ് ചെയ്തുകൊണ്ട് നിക്ഷേപിച്ച മാലിന്യങ്ങൾ മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ തടയുന്നതിന് നടപടി എടുക്കാൻ നഗരസഭയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതിയിലൂടെ ഘട്ടം ഘട്ടമായി പെട്ടിപ്പാലത്തുള്ള മാലിന്യ സംസ്കരണം അസാനിപ്പിക്കാൻ തലശ്ശേരി നഗരസഭ തീരുമാനമെടുത്തിട്ടുണ്ട്.

(സി)പെട്ടിപ്പാലത്തെ മാലിന്യ നിക്ഷേപം മൂലമുണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് പ്രത്യേകമായ പഠനം നടത്തിയിട്ടില്ല. എങ്കിലും ഇവിടെ മാലിന്യ നിക്ഷേപം മൂലം ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് സർക്കാർ നിർദ്ദേശ പ്രകാരം ശുചിത്വ മിഷൻ പരിശോധിക്കുകയും. സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

(ഡി) നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ 7 ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് മാലിന്യത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പെട്ടിപാലത്ത് നിന്നും മാലിന്യങ്ങൾ നീക്കം ചെയ്ത് മറ്റ് സ്ഥലങ്ങലിൽ കൊണ്ടുപോവുക എന്നത് ശാസ്ത്രീയമായ ഒരു രീതിയായി കാണാൻ കഴിയില്ല. ആയതിനാൽ മാലിന്യങ്ങൾ കിടക്കുന്ന സ്ഥലത്തു തന്നെ അവയെ പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്ത തരത്തിൽ ശാസ്ത്രീയമായി കൃാപ്പ്ചെയ്ത് മാറ്റുന്ന രീതിയ്ക്കാണ് ഊന്നൽ നൽകുന്നത്. ഇതിനായി നഗരസഭ പദ്ധതി തയ്യാറാക്കി ആവിഷ്കരിച്ചു വരുന്നു.

(എഫ്) പൊതുവെ ഏതെങ്കിലും പ്രദേശത്ത് മാലിന്യം നിക്ഷേപിക്കുന്നതിനെ സർക്കാർ അംഗീകരിക്കുന്നില്ല. എന്നാൽ നഗരസഭകൾ കാലാകാലങ്ങളിലായി അവരുടെ അധീനതയിലുള്ള ഒരു പ്രത്യേക പ്രദേശത്ത് മാലിന്യങ്ങൾ നിക്ഷേപിച്ചു വരുന്നുണ്ട്. ഇതിനെ ഉടനടി തടയുന്നതിനു പകരമായി പ്രസ്തുത സ്ഥലങ്ങളിൽ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കുകയും, നിലവിൽ നിക്ഷേപിച്ചിട്ടുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി ക്യാപ്പ് ചെയ്ത് മാറ്റുകയും ചെയ്യുക എന്ന രീതിയാണ് നിലവിൽ അവലംബിച്ചു വരുന്നത്. തലശ്ശേരി നഗരസഭയുടെ കാര്യത്തിലും ഇത്തരത്തിലാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന പ്രൊഫഷണൽ ടാക്സിന്റെ സ്ലാബ് നിരക്കുകൾ

169(377) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന പ്രൊഫഷണൽ ടാക്സിന്റെ സ്ലാബ് നിരക്കുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഉയർന്ന ശമ്പള സ്കെയിലുകളിലെ ടാക്സ് പരിധി ഉയർത്തി നിശ്ചയിക്കാത്തതുമൂലം തദ്ദേശസ്ഥാപനങ്ങൾക്കുണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഓരോ ജീവനക്കാരനും വാങ്ങുന്ന ശമ്പളത്തിന് ആനുപാതികമായി പ്രൊഫഷണൽ ടാക്സ് സ്ലാബ് പുതുക്കി നിശ്ചയിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

അർദ്ധവാർഷിക വരുമാനം	അർദ്ധവാർഷിക നികുതി
12,000 മുതൽ 17999	120
18,000 മുതൽ 29999	180
30,000 മുതൽ 44999	300
45,000 മുതൽ 59999	450
60,000 മുതൽ 74999	600
75,000 മുതൽ 99999	750
10,0000 മുതൽ 124999	1000
12,4999 -നു മേൽ	1250

(ബി) ഉണ്ട്.

(സി) ഭരണഘടനാ ഭേദഗതി ആവശ്യമാണ്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

പ്രൊഫഷണൽ ടാക്സ്

170(378) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ പ്രൊഫഷണൽ ടാക്സ് പിരിക്കുന്നത് സംബന്ധിച്ചുള്ള സംവിധാനം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly